(15) കുളത്തൂപ്പുഴ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം

ശ്രീ. പി.എസ്. സുപാൽ : സർ, കുളത്തൂപ്പുഴ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത് 1994-ൽ ഭരണാനുമതി ലഭിച്ച സ്കീമാണ്. ഏതാണ്ട് മൂന്ന് കോടിയിൽപ്പരം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാര്യമായിട്ടുള്ള യാതൊരു പുരോഗതിയുമില്ല. ഭൂമി കിട്ടുന്ന പ്രശ്നമായിരുന്നു ആദ്യമുണ്ടായിരുന്ന തടസ്സം. ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി ഭൂമി എടുക്കുന്ന കാര്യത്തിൽ ആദ്യം ചില തടസ്സങ്ങളുണ്ടായി, ആദ്യം നിശ്ചയിച്ച സ്ഥലത്തിന് മാറ്റം വരുത്തേണ്ടിവന്നു, പകരം സ്ഥലം കണ്ടെത്തുന്നതിനുവേണ്ടിയുള്ള തീരുമാനങ്ങളൊക്കെ എടുത്ത് പിരിഞ്ഞതാണ്. എന്നിട്ടും അതിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബഹുമാന്യനായ മന്ത്രി തന്നെ ഒരു കോൺഫറൻസ് പുനലൂരിൽ വിളിച്ചു ചേർത്തപ്പോൾ പ്രധാനമായിട്ട് കുളത്തൂപ്പുഴ വാട്ടർ സപ്ലൈ സ്കീമിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുകയും വളരെ അടിയന്തിരമായി അത് പൂർത്തിയാക്കുന്നതിന്റെ കാര്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുകയും ചെയ്തതാണ്. അതുപോലെ ഈ നിയമസഭയിൽത്തന്നെ ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. കുളത്തൂപ്പുഴ അടക്കം നാല് പഞ്ചായത്തുകൾക്ക് കുടിവെള്ളം പൂർണ്ണമായി എത്തിക്കുന്നതിന് ഒരു പദ്ധതിയെന്നുള്ള നിലയ്ക്ക് ദീർഘനാളുകളായി മുടങ്ങിക്കിടക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി അടിയന്തിരമായി അത് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽപ്പെട്ടതാണ് ഇത്. 1993-മുതൽ തുടങ്ങിയതാണ്. ഇതിന് രണ്ട് ഘട്ടങ്ങളാണ്. ഒന്നാം ഘട്ടത്തിൽ കിണറും പമ്പ് ഹൗസും ശുദ്ധീകരണശാല, ഭൂഗർഭസംഭരണി, ഉന്നതതല സംഭരണി, കുളത്തൂപ്പുഴ-ഏരൂർ എന്നീ രണ്ട് പഞ്ചായത്തുകളിലേക്ക് വിതരണ ശൃംഖല എന്നിവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ പമ്പ്, ഉന്നതതല സംഭരണി, അടിയമൺ തുടങ്ങിയ പഞ്ചായത്തുകളിൽ വിതരണശൃംഗലയും തീരും. ഇതിന് ഞാൻ തന്നെ ആ മണ്ഡലത്തിൽ റിവ്യൂ മീറ്റിംഗ് വിളിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും വലിയ പ്രശ്നം ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണപദ്ധതിയായതുകൊണ്ട് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തു കൊടുക്കണം. ഇതുവരെ ഏറ്റെടുത്ത് കൊടുത്തിട്ടില്ല. ആദ്യം അവർ നിർദ്ദേശിച്ച ആ സ്ഥലമുണ്ടായിരുന്നു. അത് കിട്ടാൻ സാദ്ധ്യതയില്ലെന്ന് മനസ്സിലായതുകൊണ്ട് പുതിയ സ്ഥലം കണ്ടെത്തി ഗ്രാമപഞ്ചായത്തുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ ഫലമായി ഇപ്പോൾ അത് ഏറ്റെടുക്കാൻ പ്രാരംഭനടപടികൾ പൂർത്തീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. കൂടെ ആ പഞ്ചായത്തിന്റെ ചുമതലയുള്ള ആളുകളെ സമീപിച്ച് ഈ സ്ഥലം അടിയന്തിരമായി ഏറ്റെടുത്ത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

അങ്ങനെ സ്വീകരിച്ചാൽ അടിയന്തിരമായി തന്നെ നമുക്ക് ആ പണി പൂർത്തിയാക്കാം. അതിനുള്ള നടപടിയും സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly